**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 817** **29-08-2022 - ൽ മറുപടിയ്ക്ക്**

**കോളനികളുടെ നവീകരണം - ജില്ലാ നിർമ്മിതി കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളിലെ പോരായ്മകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സജി ചെറിയാൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | അംബേദ്കർ ഗ്രാമം, പ്രളയബാധിത കോളനികളുടെ നവീകരണം എന്നീ പദ്ധതികളുടെ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ജില്ലാ നിർമ്മിതി കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളിൽ പോരായ്മകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന പട്ടികജാതി സങ്കേതങ്ങളിൽ നടപ്പാക്കിവരുന്ന പദ്ധതികളിൽ എത്രശതമാനം ഇനിയും പൂർത്തീകരിക്കാതെ അവശേഷിക്കുന്നു എന്ന് വ്യക്തമാക്കാമോ; | (ബി) | ജില്ലാ നിർമ്മിതി കേന്ദ്രം 2016-17 വർഷത്തിൽ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികളിൽ 10% പ്രവൃത്തികളും 2018-19 വർഷത്തിലെ 46% പ്രവൃത്തികളും 2019-20 വർഷത്തിലെ 84% പ്രവൃത്തികളും നിലവിൽ പൂർത്തീകരിക്കുവാൻ ശേഷിക്കുന്നുണ്ട്.<br><br>2020-2021, 2021-22 വർഷങ്ങളിൽ നിർമ്മിതി കേന്ദ്രം ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. |
| (സി) | മത്സരാധിഷ്ഠിത ടെണ്ടറിലൂടെ നിർവഹണ ഏജൻസികളെ നിശ്ചയിക്കുന്ന തരത്തിൽ നടപടികൾ സ്വീകരിക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ; | (സി) | പ്രസ്തുത വിഷയം സർക്കാർ പരിശോധിക്കുന്നതാണ് |
| (ഡി) | ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ടി സ്കീമുകൾ പ്രകാരം ഏതെല്ലാം പദ്ധതികളാണ് നിർമ്മിതികേന്ദ്രം മുഖേന നടപ്പാക്കുന്നത്; അവ പൂർത്തീകരിക്കാത്തതിന് കാരണം വ്യക്തമാക്കാമോ? | (ഡി) | ചെങ്ങന്നൂർ മണ്ഡലത്തിലെ എല്ലാ കോളനികളിലും ജില്ലാ നിർമ്മിതി കേന്ദ്രം വഴിയാണ് പദ്ധതി നിർവഹണം നടത്തുന്നത്. 2016-17 വർഷത്തിൽ പ്രസ്തുത മണ്ഡലത്തിൽ നിന്നും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള രണ്ടു കോളനികളുടെയും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2017-18 വർഷത്തിൽ പ്രളയ കോളനികളുടെ പുനർ നിർമ്മാണത്തിൽ ഉൾപ്പെടുത്തിയിരുന്ന 15 കോളനികളിൽ ഒരെണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. 2019-20 വർഷത്തിൽ ഉൾപ്പെടുത്തിയിരുന്ന അഞ്ചു കോളനികളിൽ രണ്ടെണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. 2021-22 വർഷത്തിൽ ആകെയുള്ള 11 കോളനികളിൽ നിർമ്മാണ പ്രവർത്തനങ്ങളുടെ പ്രാരംഭ നടപടികൾ നടന്നു വരുന്നു. |

| | | | |
|---|---|---|---|
| | | | പ്രളയ ബാധിത കോളനികളിൽ റീബിൽഡ് കേരള തുടങ്ങിയ പദ്ധതികൾ വഴി ധനസഹായം ലഭിച്ചവരെ ഒഴിവാക്കി പ്രവൃത്തി നിർവ്വഹിയ്ക്കുവാൻ സ്ഥലവാസികൾ എതിർപ്പ് പ്രകടിപ്പിച്ചത് കാരണവും തുടർച്ചയായുണ്ടായ കോവിഡ് സാഹചര്യത്തിലും വെള്ളപ്പൊക്കം നിമിത്തവും പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് കാലതാമസം നേരിട്ടിരുന്നു. പ്രളയ പുനരധിവാസവുമായ് ബന്ധപ്പെട്ട് പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ നടക്കുന്ന പുനരുദ്ധാരണ പ്രവൃത്തികൾക്ക് മറ്റ് സ്കീമുകളിൽ ധനസഹായം ലഭിച്ചവരെ ഒഴിവാക്കേണ്ടെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ